# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 133 07.08.2017 ൽ മറുപടിയ്ക്ക്

**തൃശ്ശൂർ പാവറട്ടി പോലീസ് ദളിത് യുവാവിനെ പീഡിപ്പിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.എം.ഷാജി | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | 19 വയസ്സുള്ള വിനായകനെന്ന ദളിത് യുവാവിനെ തൃശ്ശൂർ പാവറട്ടി പോലീസ് എന്നാണ് കസ്റ്റഡിയിലെടുത്തത് എന്ന് വ്യക്തമാക്കുമോ; | (എ) | 17/07/2017-ാം തീയതി പകൽ 12 മണിയ്ക്ക് ശേഷം. |
| (ബി) | ടിയാനെ കസ്റ്റഡിയിലെടുത്തത് ആരുടെ പരാതിയെത്തുടർന്നായിരുന്നു; | (ബി) | പരാതിയെത്തുടർന്നല്ല ടിയാനെ കസ്റ്റഡിയിലെടുത്തത്. |
| (സി) | ടിയാളുടെ തലമുടി വലിച്ച് പറിക്കുകയും, മാരകമായി ഇടിയ്ക്കുകയും ചെയ്തതിന്റെ നൊമ്പരത്തിൽ സ്റ്റേഷനിൽ നിന്നും വിട്ടയച്ചയുടൻ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (സി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തി വരുന്നു. |
| (ഡി) | ഇയാളെ അനാവശ്യമായി പീഡിപ്പിച്ചതിന്റെ പേരിൽ ഏതെങ്കിലും പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിരുന്നോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. പാവറട്ടി പോലീസ് സ്റ്റേഷനിലെ സി.പി.ഒ. ശ്രീജിത്ത്, എസ്.സി.പി.ഒ. (ഗ്രേഡ്) സാജൻ എന്നിവരെ തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ എച്ച്.1/3834/2017/ആർ.സി. പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും, ടിയാന്മാർക്കെതിരെ വാടാനപ്പള്ളി പി.എസ്. ക്രൈം നമ്പർ 826/2017 u/s 341, 323, 324, 34 IPC & Sec.3(2) V(a) of SC/ST PoA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. കൂടാതെ ഗുരുവായൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഇ.ബാലകൃഷ്ണൻ, പാവറട്ടി |

പി.എസ്. സബ് ഇൻസ്പെക്ടർ അരുൺ പാ എന്നിവർക്കെതിരെ തൃശ്ശൂർ റെയ്ഞ്ച് ഐ.ജി.യുടെ ഉത്തരവ് നമ്പർ എ.2 (a)/PR/32/AB/2017/TSR തീയതി 29/07/2017 പ്രകാരം വാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ